"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി(CMLRRP) - പ്രവൃത്തികളുടെ ബിൽ മാറി കരാറുകാർക്ക് തുക അനുവദിക്കൽ - തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിലെ ജില്ലാ പഞ്ചായത്ത് തലത്തിൽ ഉള്ള എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

G.O.(Ms) No.171/2021/LSGD തീയതി,തിരുവനന്തപുരം, 09/08/2021

---

പരാമർശം:-

1. 09/01/2020 ലെ സഉ(കൈ) നമ്പർ: 13/2020/തസ്വഭവ
2. 24/12/2020 ലെ സഉ(കൈ) നമ്പർ: 200/2020/തസ്വഭവ
3. 04/05/2020 ലെ സഉ(സാധാ) നമ്പർ: 1683/2020/റവ
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 24/04/2021-ലെ ഇ17/5555/20/സിഇ നമ്പർ കത്ത്

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്കു കീഴിൽ(CMLRRP) 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം (1), (2) എന്നിവ പ്രകാരം 1000 കോടി രൂപാ അനുവദിച്ചിരുന്നു. ഇപ്രകാരം ലഭ്യമായ 1000 കോടി രൂപാ വിനിയോഗിച്ച് സംസ്ഥാനത്തുടനീളം 5000-ത്തിൽ അധികം പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. ഇവയിൽ നിരവധി പ്രവൃത്തികൾ പൂർത്തീകരിക്കുയും അവശേഷിക്കുന്നവയുടെ നിർവ്വഹണം ദ്രുതഗതിയിൽ പുരോഗമിച്ചു വരികയുമാണ്.

എന്നാൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച പരാമർശം (3) ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, സംസ്ഥാനത്തുടനീളം നിർവ്വഹണം നടത്തിവരുന്ന എല്ലാ പ്രവൃത്തികളുടേയും ബിൽ മാറി കരാറുകാർക്ക് തുക അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ ഓഫീസിലെ ജോലിഭാരവും ജീവനക്കാരുടെ എണ്ണക്കുറവും പ്രവൃത്തി പൂർത്തികരിച്ച കരാറുകാർക്ക് യഥാസമയം ബിൽ തുക മാറി നൽകുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ടെന്നും ആയതിനാൽ ബിൽ തുക യഥാസമയം മാറി നൽകുന്നതിലേക്ക് ഉചിതമായ മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കണമെന്നും പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അഭ്യർത്ഥിക്കുയുണ്ടായി.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്കു കീഴിലെ പ്രവൃത്തികളുടെ ബിൽ മാറി കരാറുകാർക്ക് തുക അനുവദിക്കുന്നതിലേയ്ക്കായി മാത്രം പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്കു നൽകിയിരിക്കുന്ന അധികാരം എം.എൽ.എമാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ പിൻതുടർന്നു വരുന്ന മാതൃകകയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിലെ ജില്ലാ പഞ്ചായത്ത് തലത്തിലുള്ള എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. നിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലെ പ്രവൃത്തികളുടെയും ബിൽ തുക അതത് ജില്ലാ ഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാർ മാറി നൽകേണ്ടതാണ്.

ഇതു സംബന്ധിച്ച് ആവശ്യമെങ്കിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Preetha K S
Joint Secretary

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ(ഡിആർഎഫ് - എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ